## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.471

22.7.2015-ൽ
മറുപടിയ്ക്ക്

## ആധുനിക തിയേറ്റർ സമുച്ചയങ്ങൾ

**ചോദ്യം**

ശ്രീ.ആർ.ശെൽവരാജ്
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.ബെന്നി ബെഹനാൻ

**ഉത്തരം**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന പ്രദേശങ്ങളിൽ ആധുനിക തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതി കെ.എസ്.എഫ്.ഡി.സി.യുടെ പരിഗണനയിലുണ്ട് |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ; | (ബി) നിലവാരമുള്ള സിനിമാസ്വാദന സംസ്കാരം സാധാരണക്കാരിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ഉദ്ദേശം. ഒന്നോ അതിലധികമോ സ്ക്രീനുകളുള്ള തിയേറ്ററുകളിൽ ടിക്കറ്റ് വരുമാനത്തിന് പുറമെ പരസ്യം, കാന്റീൻ ഇനങ്ങളിലും വരുമാനം ലഭ്യമാകും. വിനോദ നികുതിയിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധിക വരുമാനം ലഭ്യമാകും. കെ.എസ്.എഫ്.ഡി.സി.യുടെ 11 തിയേറ്ററുകളിൽ സിനിമകൾ ചാർട്ട് ചെയ്യുന്നതു പോലെ ടി തിയേറ്ററുകളിലും സിനിമകൾ ചാർട്ട് ചെയ്യും. ഇത്തരത്തിൽ തിയേറ്ററുകൾ സ്ഥാപിക്കപ്പെടുന്നതോടെ സംസ്ഥാനത്ത് സിനിമാ പ്രദർശനത്തിൽ സർക്കാരിന് മേധാവിത്വം കൈവരിക്കാനാകുകയും ഗുണനിലവാരമുള്ള സിനിമാ ആസ്വാദനം കുറഞ്ഞ ചെലവിൽ സാധാരണക്കാർക്കും പ്രാപ്യമാകുകയും ചെയ്യും. |

| | |
|---|---|
| (സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് വിശദമാക്കുമോ; | (സി) യും (ഡി) യും പി.പി.പി. മാതൃകയിൽ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തിലാണ് കെ.എസ്.എഫ്.ഡി.സി. ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ താൽപ്പര്യമുള്ള പക്ഷം കെ.എസ്.എഫ്.ഡി. സി.യെ സമീപിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. നാളിതുവരെ 6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രപ്പോസലുകൾ പരിശോധിച്ചു വരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | |

സെക്ഷൻ ഓഫീസർ